# 6. JUDICIARY

Judiciary is the third organ of government. Main duty of the judiciary is to resolve disputes and enforce justice. Judicial system in India consists of the Supreme Court at the top and the 21 High Courts below the Supreme Court and many District Courts and other lower Courts at the bottom level. The Supreme Court of India was inaugurated on the **26th of January,1950**.

## Independence of the Judiciary

The Constitution of India provides the following provisions for the judiciary to function independently without the influence of Parliament or the Cabinet.

1. The President appoints judges of Supreme court and High Courts.
2. Judges can stay in office until retirement age. Judges can only be dismissed through a difficult process called impeachment on grounds of violation of constitution or proved misbehavior.
3. Reduce the possibility of corruption among the judges by providing better pay and other financial incentives.
4. Neither Parliament nor the public has the right to criticize the actions and verdicts of judges. It helps the judges to work without fearing the criticism.
5. Retired judges are not allowed to practice as lawyers.

E PLUS KERLA in YouTube

## Jurisdiction of the Supreme Court

**1. Original Jurisdiction -**The Supreme Court directly deals with cases between the Central Government and the State Government and between the State Governments. Such cases are considered as the Original Jurisdiction because these cases are originated in the Supreme Court.

**2. Appellate Jurisdiction -**Individuals and institutions can appeal to the Supreme Court against the High Court ruling in civil and criminal cases.

**3. Writ Jurisdiction -** Individuals can approach the Supreme Court for the restoration of their fundamental rights. The Supreme Court has the power to issue five different types of orders, writs , to protect the fundamental rights.

**4. Advisory Jurisdiction -** The President can seek legal advice from the Supreme Court on matters relating to the state. The President is not obliged to accept the legal advice from the Supreme Court.

# 6. നീതി ന്യായ വിഭാഗം

തർക്കങ്ങൾ തീർപ്പാക്കുന്നതിനും നീതി നടപ്പിലാക്കുകയുമാണ് നീതി ന്യായവിഭാഗത്തിന്റെ ഉത്തരവാദിത്വം. ഏറ്റവും മുകളിലായി സുപ്രീം കോടതിയും അതിനു താഴെയായി 24 ഹൈകോടതികളും ഏറ്റവും താഴെയായി അനേകം ജില്ലാകോടതികളും മറ്റനേകം കീഴ്കോടതികളും ഉൾകൊള്ളുമെന്ന ഏക നീതിന്യായ വ്യവസ്ഥയാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. 1950 ജനുവരി ഇരുപത്തിയാറാം തീയതിയാണ് ഇന്ത്യൻ സുപ്രീം കോടതി സ്ഥാപിതമായത്.

## ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം

ജുഡിഷ്യറിയ്ക്ക് പാർലമെന്റിന്റെയോ മന്ത്രിസഭയുടെയോ സ്വാധീനമില്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ജഡ്ജിമാരെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ജഡ്ജിമാരുടെ നിയമനം രാഷ്ട്രീയസ്വാധീനങ്ങൾക്ക് അധീതമാണ്.
2. ജഡ്ജിമാർക്ക് വിരമിക്കൽ പ്രായം വരെ അധികാരത്തിൽ തുടരാം.
3. ഗുരുതരമായ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്ന ഇംപീച്ച്മെന്റ് എന്ന പ്രയാസകരമായ പ്രക്രിയയിലൂടെ മാത്രമേ ജഡ്ജിമാരെ പുറത്താക്കുവാൻ സാധിക്കുകയുള്ളൂ.
4. മികച്ച ശമ്പളവും സാമ്പത്തിക ആനുകൂല്യങ്ങളും നൽകുന്നതിലൂടെ ജഡ്ജിമാർ അഴിമതി ചെയ്യുവാനുള്ള സാധ്യതകൾ കുറയ്ക്കുന്നു.
5. ജഡ്ജിമാരുടെ പ്രവർത്തനങ്ങളും വിധികളും വിമർശിക്കുവാൻ പാർലമെന്റിനോ ജനങ്ങൾക്കോ അവകാശമില്ല. വിമർശനങ്ങളെ ഭയക്കാതെ ജോലി ചെയ്യുവാൻ ഇത് ജഡ്ജിമാരെ സഹായിക്കുന്നു.
6. വിരമിച്ച ജഡ്ജിമാർക്ക് അഭിഭാഷകരായി ജോലി ചെയ്യുവാൻ അനുവാദമില്ല.

e PLUS KERLA in YouTube

## സുപ്രീം കോടതിയുടെ അധികാരങ്ങൾ

**1. ഉത്ഭവാധികാരം** - കേന്ദ്രഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റും തമ്മിലും സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുമുള്ള കേസുകൾ സുപ്രീം കോടതി നേരിട്ട് പരിഗണിക്കുന്നു. സുപ്രീം കോടതിയിൽ ആരംഭിക്കുന്നതിനായി ഇത്തരം കേസുകളെ സുപ്രീം കോടതിയുടെ ഉത്ഭവധികാരം എന്ന് പറയുന്നു.

**2. അപ്പീൽ അധികാരം -** സിവിൽ കേസുകളിലും ക്രിമിനൽ കേസുകളിലും ഹൈക്കോടതി വിധിക്കെതിരെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ് .

**3. റിട്ട് അധികാരം -** നിഷേധിക്കപ്പെട്ട മൗലികാവകാശങ്ങൾ പുനഃസ്ഥാപിച്ചു കിട്ടുന്നതിനായി വ്യക്തികൾക്ക് സുപ്രീം കോടതിയെ സമീപിക്കുവാൻ സാധിക്കും.

മൗലീകാവകാശങ്ങൾ സ്ഥാപിച്ചു നൽകുന്നതിനായി അഞ്ച് വ്യത്യസ്ഥ ഉത്തരവുകൾ, റിട്ടുകൾ ,പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സുപ്രീം കോടതിയ്ക്കുണ്ട്.

**4. ഉപദേശാധികാരം -** രാജ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ രാഷ്ട്രപതിയ്ക്ക് സുപ്രീം കോടതിയിൽ നിന്നും ഉപദേശം തേടാവുന്നതാണ്. സുപ്രീം കോടതി നൽകുന്ന നിയമോപദേശം രാഷ്ട്രപതി സ്വീകരിക്കണമെന്ന് നിർബന്ധമില്ല .

---

*Prepared by .......* MATHEW JOSEPH / HSST POLITICAL SCIENCE/ GHSS KOZHICHAL

in YouTube

**ചിത്രത്തിൽ ക്ലിക്ക് ചെയ്യുക**




**CLICK THE IMAGE TO WATCH THE VIDEO...**